## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 350 — 06.03.2012-ൽ മറുപടിയ്ക്ക്

### വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ ; | (എ) പ്രതിസന്ധി നിലവിലില്ല. ഊർജ്ജ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. |
| (ബി) സംസ്ഥാനത്തെ പലയിടങ്ങളിലും അപ്രഖ്യാപിത ലോഡ്ഷെഡിംഗും പവർകട്ടും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) ലോഡ് ഷെഡ്ഡിംഗും, പവർകട്ടും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസരണ ലൈനുകളിലോ, വൈദ്യുതി നിലയങ്ങളിലെ ജനറേറ്ററു കൾക്കോ അവിചാരിതമായി അടി യന്തിര അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യങ്ങളിലും, കേന്ദ്ര നിലയങ്ങളിലെ യന്ത്രസാമഗ്രികൾക്ക് അവിചാരിത അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യങ്ങളിലും യഥാസമയങ്ങളിൽ മാധ്യമങ്ങളിൽ കൂടി അറിയിപ്പ് നല്കിയശേഷം അത്യാവശ്യ സമയങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുന്നുണ്ട്.<br>അറ്റകുറ്റപ്പണികൾ യഥാകാലം പൂർത്തിയാക്കി ലൈനുകളും ജനറേ റ്ററുകളും പ്രവർത്തന സജ്ജമാക്കി ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) മാർച്ച് മാസം പരീക്ഷകളുടെ കാലമായതിനാൽ വൈദ്യുതി വിതരണം തടസ്സപ്പെടാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാ ദനം പരമാവധി വർദ്ധിപ്പിക്കു വാനും കായംകുളം നിലയം ആവശ്യാനുസരണം പ്രവർത്തി പ്പിക്കുവാനും പവർ എക്സ്ചേ ഞ്ചിൽ നിന്നും, മറ്റു ട്രേഡർമാരിൽ നിന്നും ലഭ്യമായ സമയങ്ങളിലെല്ലാം വൈദ്യുതി വാങ്ങുവാനും നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.